കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) ഉണ്ട്.

(ബി) പഴങ്ങൾ, പച്ചക്കറികൾ, തെങ്ങിൽനിന്നുള്ള ഉൽപ്പന്നങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ, കാപ്പി, ഈറ, ഔഷധസസ്യങ്ങൾ, കൈത, ഓല, വാഴപ്പോള, നെല്ല് തുടങ്ങിയവയാണ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുവാൻ ഉദ്ദേശിക്കുന്നത്.

(സി) 250 പേർക്ക് നേരിട്ടും പരോക്ഷമായി അനേകം പേർക്കും തൊഴിൽ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അന്യസംസ്ഥാനങ്ങളിൽനിന്നെത്തുന്ന കന്നുകാലികൾക്ക് ആന്ത്രാക്സ് രോഗബാധയില്ലെന്ന് ഉറപ്പുവരുത്താൻ നടപടി

*13 [404] *ശ്രീ. കെ. നാരായണക്കുറുപ്പ്*:

,, *തോമസ് ചാഴികാടൻ*:

,, *റോഷി അഗസ്റ്റിൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽനിന്ന് സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്ന കന്നുകാലി കൾക്ക് ആന്ത്രാക്സ് രോഗബാധയുണ്ടെന്ന വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) മറ്റു സംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന കന്നുകാലികൾക്കും അവയിൽനിന്നുള്ള ഉൽപ്പന്നങ്ങൾക്കും ആന്ത്രാക്സ് രോഗബാധ ഇല്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

വയനാട്, ഇടുക്കി, കോഴിക്കോട് ജില്ലകളിലെ കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം

*14 [405] *ശ്രീ. വി. ചെന്താമരാക്ഷൻ*:

,, *കെ. വി. കുഞ്ഞിരാമൻ*:

,, *മത്തായി ചാക്കോ*:

,, *കെ. കെ. ജയചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വരൾച്ചബാധിത ജില്ലകളായ വയനാട്, ഇടുക്കി, കോഴിക്കോട് എന്നിവിടങ്ങളിലെ നശിച്ചതും രോഗം ബാധിച്ചതുമായ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) രോഗം ബാധിച്ച കുരുമുളകു തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി കേന്ദ്രസർക്കാരിൽനിന്നും എന്തു തുകയുടെ ധനസഹായമാണ് ലഭിച്ചത്; ഇതിൽ എത്ര തുക ഇതിനകം ചെലവഴിച്ചു?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) വരൾച്ചബാധിത പ്രദേശങ്ങളായ വയനാട്, ഇടുക്കി, കോഴിക്കോട് ജില്ലകളിലെ കുരുമുളക് കൃഷിയുടെ പുനരുദ്ധാരണത്തിനായി 395.54 കോടി രൂപയുടെ ഒരു പദ്ധതി 2004-2005-ൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചു. ടി പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഉൽപ്പാദനക്ഷമത കുറഞ്ഞതും പ്രായാധിക്യവുമുള്ള കുരുമുളകു വള്ളികൾ മുറിച്ചുമാറ്റി പുതിയ വള്ളികൾ നടുന്നതിനും, ശാസ്ത്രീയമായ പരിചരണത്തിനുമാണ് ധനസഹായം അനുവദിക്കുന്നത്. വയനാട്, ഇടുക്കി, കോഴിക്കോട് ജില്ലകളിലായി 27600 ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ 23400 ഹെക്ടർ സ്ഥലത്ത് ഇതിനോടകം പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

(ബി) 800 ലക്ഷം രൂപയുടെ പദ്ധതിക്കാണ് മാക്രോ മാനേജ്മെന്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ അനുമതി നൽകിയത്. ഇതിൽ 720 ലക്ഷം രൂപ കേന്ദ്ര വിഹിതവും 80 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. ഈ പദ്ധതി പ്രകാരം 477.01 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി

*15 [406] *ശ്രീ. വർക്കല കഹാർ:*
,, *ജോർജ് ജെ. മാത്യു:*
,, *ലൂഡി ലൂയിസ്:*
,, *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് 2004-2005-ൽ എന്തു തുക വകയിരുത്തിയിരുന്നു; അതിൽ എന്തു തുക ചെലവഴിച്ചു;

(ബി) വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഈ സ്ഥാപനത്തിന്റെ സേവനം കർഷകർക്ക് എന്നത്തേക്ക് ലഭ്യമാക്കുവാൻ സാധിക്കും;

LIBRARY ARCHIVES Kerala Legislative Assembly